അണക്കെട്ടുകളും തമിഴ്നാടിന് നൽകുന്ന വെള്ളവും

124 [1063] *ശ്രീ. എം. മുരളി:*
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. എ. കെ. മണി:
ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒട്ടാകെ എത്ര അണക്കെട്ടുകൾ ഉണ്ട്;

(ബി) ഇതിൽ തമിഴ്നാടിന്റെ ഉടമസ്ഥതയിലോ തമിഴ്നാടിനു വെള്ളം നൽകുന്നതിനോ വേണ്ടിയുള്ളത് എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തുനിന്നും തമിഴ്നാട് പ്രതിവർഷം എത്ര ഘനയടി വെള്ളം കൊണ്ടുപോകുന്നു; ഇതിന് എന്തെങ്കിലും പ്രതിഫലം ലഭിക്കുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഒട്ടാകെ 57 വലിയ (മീഡിയം ആന്റ് മേജർ) അണക്കെട്ടുകൾ ഉണ്ട്. ഇവയിൽ 19 എണ്ണം ജലസേചന വകുപ്പിന്റേതും 33 എണ്ണം കെ. എസ്. ഇ. ബി. യുടേതും ഒരെണ്ണം വാട്ടർ അതോറിറ്റിയുടേതും ബാക്കി നാലെണ്ണം തമിഴ്നാടിന്റെ ഉടമസ്ഥതയിലുമാണ്.

(ബി) നാലെണ്ണം തമിഴ്നാടിന്റെ ഉടമസ്ഥതയിലും ഒരെണ്ണം തമിഴ്നാടിനു വെള്ളം നൽകുന്നതിനുവേണ്ടിയുള്ളതുമാണ്.

(സി) 1886-ലെ പെരിയാർ പാട്ടക്കരാർപ്രകാരം ഏകദേശം 22 ടി. എം. സി. ജലം തമിഴ്നാട് വർഷംതോറും സൗജന്യമായി കൊണ്ടുപോകുന്നുണ്ട്. എന്നാൽ പാട്ടക്കരാർപ്രകാരം ഉപയോഗിക്കുന്ന ഭൂമിക്ക് ഒരു ഏക്കറിന് 30 രൂപ നിരക്കിൽ പാട്ടം ലഭിക്കുന്നുണ്ട്. ഈ വെള്ളത്തിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് കിലോവാട്ട് ഇയറിന് 350 മില്യൻ യൂണിറ്റ് വരെ 12 രൂപ തോതിലും 350 മില്യൻ യൂണിറ്റിനുമുകളിൽ കിലോവാട്ട് ഇയറിന് 18 രൂപ തോതിലും വർഷം തോറും തമിഴ്നാട് കേരളത്തിന് റോയൽട്ടി നൽകേണ്ടതാണ്. 1970-ലെ പറമ്പിക്കുളം-അളിയാർ നദീജലക്കരാർപ്രകാരം 30.5 ടി. എം. സി. ജലം വർഷം തോറും തമിഴ്നാടിന് കൊണ്ടുപോകാവുന്നതാണ്.

1973-ലെ ശിരുവാണി കുടിവെള്ള പദ്ധതി കരാർപ്രകാരം ശിരുവാണി അണക്കെട്ടിൽനിന്നും തമിഴ്നാടിന് പ്രതിവർഷം 1.3 ടി. എം. സി. ജലം സൗജന്യമായി നൽകുന്നുണ്ട്. എന്നാൽ ഇവിടെ ഉപയോഗിക്കുന്ന ഭൂമിക്ക് ഒരു ഹെക്ടറിന് 1300 രൂപ നിരക്കിൽ പ്രതിവർഷം തമിഴ്നാട് കേരളത്തിന് പാട്ടക്കരം നൽകേണ്ടതാണ്. നെയ്യാർ പദ്ധതിയിൽനിന്നും ഏകദേശം 33 mm^3 ജലം സൗജന്യമായി വർഷംതോറും തമിഴ്നാടിന് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly